വെച്ചൂർ
കൺസർവേഷൻ
ട്രസ്റ്റിന്റെ
വാർത്താ
പത്രിക

VOL 2. ISSUE 1. DECEMBER 2007



**വെ**ച്ചൂർ പശു പരിരക്ഷണത്തിൽ ഒരു നാഴികക്കല്ലുകൂടി പിന്നിടുകയാണ് നമ്മുടെ ട്രസ്റ്റ്. വെച്ചൂർ പശു സംരക്ഷണത്തിന് ട്രസ്റ്റ് സമർപ്പിച്ച പദ്ധതികൾക്ക് ഇന്ത്യാ ഗവൺമെന്റ് ശാസ്ത്ര സാങ്കേതിക വകുപ്പിന്റേയും ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയുടേയും അംഗീകാരം. വെച്ചൂർ പരിരക്ഷണം സാമാന്യ ജനങ്ങളിലേക്ക് എത്തിക്കുവാനും ഗുണഫലങ്ങൾ അവർക്കും അനുഭവവേദ്യമാക്കുവാനും ട്രസ്റ്റ് നടത്തിയ ശ്രമങ്ങളാണ് യാഥാർത്ഥ്യമാകുന്നത്. കേരളത്തിലെ വളർത്തു മൃഗങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തുവാനും അവയെ സംരക്ഷിക്കുവാനും ട്രസ്റ്റ് നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കേണ്ട ഈ സമയത്ത് മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരുടേയും ഒത്തൊരുമയോടെയുള്ള പ്രവർത്തനം ആവശ്യമാണ്. നമ്മുടെ നാടിന്റെ ജൈവ വൈവിധ്യം നിലനിർത്തുന്നതിൽ വളർത്തുമൃഗങ്ങൾക്കുള്ള പങ്ക് വിസ്മരിക്കാതിരിക്കുക. ട്രസ്റ്റ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എവരേയും ക്ഷണിക്കുന്നു.

എഡിറ്റർ

വതിനെട്ടാം കന്നുകാലി സെൻസസ് ഷെഡ്യൂളിൽ നാടൻ (Non-descript) എന്നതിനു പകരം വെച്ചൂർ, കാസർഗോഡ് എന്നിങ്ങനെ വിവരണങ്ങളുള്ളത് എല്ലാവരുടേയും ശ്രദ്ധയിൽ പെട്ടിട്ടുള്ള കാര്യമാണല്ലോ. ആട് ജനുസ്സുകളുടെ പട്ടികയിൽ മലബാറിയോ ടൊപ്പം അട്ടപ്പാടിയും സ്ഥാനം പിടിച്ചു. ഇതിനുമുൻപ് നാടൻ എന്നും സങ്കരമെന്നും മാത്രം വിവേചിച്ചിരുന്ന സ്ഥാനത്താണ് ഈ വിശദമായ വിവരശേഖരണം എന്ന് ഓർക്കുക. അതായത് കേവലം മലബാറി ആടൊഴിച്ചുള്ളവയെ നാടൻ എന്ന് പോലും പറയാതെ വിവരണങ്ങൾ ഇല്ലാത്തവ (Non-descript) എന്ന് അവഗണിച്ചിരുന്ന കേരള ത്തിന്റെ മൃഗസമ്പത്തിനെഓരോന്നിനേയും തനതായ പേരുകളും വിവരണങ്ങളും കൊടുത്ത് അതാത് പ്രദേശിക നാമത്തിൽ തന്നെ അംഗീകരിപ്പിക്കാനുള്ള ഒരു വലിയ യജ്ഞത്തിന്റെ ഫലങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു.

ഈ സെൻസസ് പ്രകാരം ആടുകളുടെ എണ്ണത്തിൽ ഏതാണ്ട് 30 ശതമാനം വർദ്ധനയു ണ്ടെന്നാണ് അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. ആടുകളുടെ പ്രാധാന്യം കൂടിയതിനൊപ്പം മറ്റ് സംസ്ഥാനങ്ങളിലെ ആടുകളുടെ കടന്നുവരവ് നമ്മുടെ തനത് ജനുസ്സുകളുടെ തനിമയെ സാരമായി ബാധിക്കുന്നുണ്ട്. ദേശീയ ജനുസ്സുകളുടെ ഇട യിൽ കേരളത്തിന്റെ ആടുകളുടെ സ്ഥാനം എത്ര മുൻപിലാണ് എന്ന സത്യം അറി ഞ്ഞാൽ ഒരു പക്ഷേ ഈ കടന്നുകയറ്റം എത്ര അനാവശ്യവും അർത്ഥശൂന്യവുമാ ണെന്ന് മനസ്സിലാകും. കേരളത്തിന്റെ ആട് ഇനങ്ങൾക്കായി ഈ ലക്കം **അലെഫ്** സമർപ്പിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്.



# അട്ടപ്പാടിയിലെ കരിയാടുകൾ

ഡോ. സ്റ്റീഫൻ മാത്യു

പാലക്കാട് ജില്ലയിൽ ഏതാണ്ട് 875 സ്ക്വ. കിലോമീറ്ററോളം വ്യാപിച്ചു കിടക്കുന്ന അട്ടപ്പാടി ബ്ലോക്കിൽ മാത്രം കാണപ്പെടുന്ന കറുത്ത ആടുകൾ ആണ് അട്ടപ്പാടി ബ്ലാക്ക് ഗോട്ട് അഥവാ അട്ടപ്പാടി കരിയാടുകൾ. അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ പട്ടിണിയുടെ ഇരുട്ട് മാറ്റിയെടുക്കുന്നതിന് ഒരു മൺചെരാതായി മാറി ഇവ. മുൻകാലങ്ങളിൽ വനങ്ങളിൽ ജീവിച്ചിരുന്ന ആദിവാസികൾ ആടിനെയെന്നല്ല ഒരു മൃഗത്തേയും വളർത്തിയിരുന്നില്ല. അവർക്ക് പാല് കുടിക്കുന്ന സ്വഭാവം ഉണ്ടായിരുന്നില്ലതാനും. എന്നാൽ ജീവിത സാഹചര്യങ്ങളിൽ വന്ന വ്യത്യാസങ്ങളുടെ ചില ഘട്ടങ്ങളിൽ കരിയാടുകൾ ആദിവാസികളുടെ ജീവസന്ധാരണത്തിനുള്ള ഒരു മാർഗ്ഗമായി കടന്നുകൂടി എന്നുവേണം വിചാരിക്കുവാൻ. ആധികാരികമായ പഴയ രേഖകളൊന്നും ഇല്ലാത്ത പശ്ചാത്തലത്തിൽ, സമീപ പ്രദേശങ്ങളിൽ നിന്നെത്തിയ കറുത്ത ആടുകളാണ് ഇവയെന്ന് അനുമാനിക്കപ്പെടുന്നു. ഏറക്കാലത്തെ വേറിടൽ (Isolation) മൂലം ഇവയ്ക്ക് പ്രത്യേക സ്വഭാവങ്ങൾ കൈവരികയും ചെയ്തു.

എണ്ണക്കറുപ്പ് നിറവും ചെമ്പൻ കണ്ണുകളും കുന്നുകൾ നിറഞ്ഞ അട്ടപ്പാടി പ്രദേശത്ത് മേയാൻ പറ്റിയ നീളൻ കാലുകളും ഇവയുടെ പ്രത്യേകതയാണ്. പൊക്കം മറ്റ് ആടുകളെ അപേക്ഷിച്ച് കൂടുതലാണ്. മുട്ടനാടിന് ശരാശരി 61 സെ.മീറ്ററും പെട്ടയാടിന് 56 സെ.മീറ്ററും. തൂക്കം 20 മുതൽ 25 കിലോഗ്രാം വരെ. പാൽ ഉല്പാദനം വളരെ കുറവ്, 100–125 മി.ലിറ്റർ മാത്രം. മാംസാവശ്യത്തിനാണ് ഇവയെ വളർത്തുന്നത്. കറുത്ത ആടിന്റെ ഇറച്ചിക്ക് പ്രിയം കൂടുതലാണല്ലോ. ഗുണവും കൂടുതലുണ്ടെന്നാണ് വിശ്വാസം.

ഇരുളരും, കുറുമ്പരും, മുതുക്കരും അടങ്ങുന്ന അട്ടപ്പാടി ആദിവാസി സമൂഹങ്ങളിലെ ഏതാണ്ട് 15 ശതമാനത്തോളം കുടുംബങ്ങൾ കരിയാടുകളെ വളർത്തുന്നു. തറനിരപ്പിൽ നിന്നും മൂന്നടി ഉയരത്തിൽ പ്രാദേശികമായി ലഭ്യമായ മരകമ്പുകളും വള്ളികളും ഈറ്റയും ഉപയോഗിച്ചാണ് ആട്ടിൻകൂടുകൾ നിർമ്മിക്കുന്നത്. 15–20 ആടുകൾ ഓരോ കുടുംബത്തിനും കാണും. രാവിലെ വെയിൽ മൂത്തശേഷം കൂടുതുറന്ന് മേയാൻ വിടുന്ന ഇവ സമീപത്തെ കുന്നുകളിൽ നിന്നും വൈകുന്നേരത്തോടെ തിരി



കടന്നുകയറ്റം മൂലമുള്ള ജനിതകശോഷണം



അട്ടപ്പാടി ബ്ലാക്ക് ഗോട്ട് അഥവാ അട്ടപ്പാടി കരിയാട്



*കരിയാടുകളെ അന്വേഷിച്ചുള്ള അട്ടപ്പാടി യാത്രയിൽനിന്ന് ഒരു ചിത്രം*

ചെത്തും. ഒരു തീറ്റയും പ്രത്യേകമായി ആടുകൾക്ക് നൽകാറില്ല. രോഗം വന്നാലും ആധുനിക ചികിത്സകൾ ഒന്നും ചെയ്യുന്ന പതിവ് ആദിവാസികൾക്കില്ല. അവർക്ക് അവരുടേതായ ചില ചികിത്സാ വിധികളുണ്ട്. വയറിളക്കത്തിന് കാലിൽ കെട്ടുക, നല്ല വളർച്ച കിട്ടാൻ ചെവിയുടെ അറ്റംമുറിക്കുക എന്നിവ അവയിൽ ചിലതുമാത്രം. ഒറ്റമൂലി ചികിത്സാ രഹസ്യങ്ങൾ അടുത്ത തലമുറയ്ക്കു മാത്രമേ പകർന്നു നൽകൂ.




വിപണനരീതികളും പ്രത്യേകതയുള്ളതാണ്. ശാസ്ത്രീയമായ പരിപാലനമുറകൾ ഒന്നുതന്നെ ആടുകൾക്ക് നൽകാറില്ല. പണത്തിന് ആവശ്യം വരുമ്പോൾ കുറേ ആടുകളെ ഇടനിലക്കാർ വഴി വിൽക്കുകയാണ് ആദിവാസികളുടെ രീതി.

അറിയപ്പെടാതെ കിടക്കുന്ന കരിയാടുകളെപറ്റി ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും അവബോധം ഉണ്ടായത് വെച്ചൂർ ട്രസ്റ്റ് നടത്തിയ ഒരു സർവ്വേ മൂലമാണ്. അഗളിയിൽ മൃഗഡോക്ടറായി കുറച്ചുനാൾ ജോലിചെയ്ത ട്രസ്റ്റ് മെമ്പർ ഡോ. ജയൻ ജോസഫ് ഇതിന് പ്രചോദനമായി. ഇതിനെതുടർന്ന് വെറ്ററിനറി കോളേജ് ജനറ്റിക്സ് വിഭാഗം മേധാവിയായിരുന്ന ഡോ. ശോശാമ്മ ഐപ്പ് അട്ടപ്പാടി കരിയാടുകളുടെ സംരക്ഷണത്തിന് ഒരു പദ്ധതി 2000-ൽ വിഭാവനം ചെയ്യുകയും I CAR ൽ നിന്നും അതിന് ധനസഹായം അനുവദിക്കുകയും ചെയ്തു. പിന്നീട് ഡോ. സ്റ്റീഫൻ മാത്യുവും ഡോ. ടി.വി. രാജയും മൂന്നു വർഷത്തോളം പഠനങ്ങൾ തുടർന്നു. ഒരു നല്ല ഗവേഷണ പ്രബന്ധം തന്നെ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത പഠനം വെളിവാക്കുന്ന വസ്തുതകൾ ഇവയാണ് അട്ടപ്പാടി കരിയാടുകളെ രക്ഷിക്കുന്നതിനുവേണ്ടി ആസൂത്രിതമായ നയവും പരിപാടികളും ഒരു യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയില്ലെങ്കിൽ താമസിക്കാതെ ഇവയുടെ വംശനാശമുണ്ടാവും. മറ്റിനങ്ങളുടെ കടന്നുകയറ്റം തടയുക എന്നത് അടിയന്തിര പ്രാധാന്യം കൊടുത്തുകൊണ്ട് നടപ്പിലാക്കണം. ഇപ്പോൾ ഉള്ള മുട്ടനാടുകളിൽ കരിയാടുകളല്ലാത്തവയെ അവിടെനിന്നും നീക്കം ചെയ്യണം. ശാസ്ത്രീയമായ പ്രജനനപരിപാടികൾ അവലംബിച്ച് കരിയാടുകളുടെ ശരിയായ രീതിയിൽ ഉള്ള നിലനിൽപ്പ് ഉറപ്പാക്കണം. ■

# മലബാറി ആടുകൾ

ഡോ. കെ.സി. രാഘവൻ, ഡോ. ജിംസ് ജോസഫ്
(ഡിപ്പാർട്ട്മെന്റ് ഓഫ് ആനിമൽ ബ്രീഡിംഗ് ആന്റ് ജനിറ്റിക്സ്, വെറ്ററിനറി കോളേജ്, മണ്ണുത്തി)

**കേ**രളത്തിന്റെ തനതായ ആടിനമായ മലബാറി പ്രധാനമായും ഉത്തരകേരളത്തിൽ കണ്ടുവരുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് കച്ചവടക്കാരോടൊപ്പം വന്ന അറേബ്യൻ, മെസപ്പൊട്ടേമിയൻ ആടുകൾ വടക്കേ ഇൻഡ്യയിൽ നിന്നും കൊണ്ടുവന്ന ജമുനാപാരി, സുർത്തി ജനുസ്സുകൾക്കൊപ്പം നാടൻ ഇനങ്ങളുമായി വർഗ്ഗസങ്കരണത്തിനു വിധേയമാവുകയും തത്ഫലമായി കേരളത്തിന്റെ കാലാവസ്ഥക്കനുയോജ്യമായ ഒരിനം ഉരുത്തിരിഞ്ഞുവരികയും ചെയ്തു എന്നു വിശ്വസിക്കപ്പെടുന്നു. ഈ ആടുകളെയാണ് പൊതുവിൽ മലബാറി ആടുകൾ എന്നു വിളിക്കുന്നത്.

മലബാറി ആടുകളുടെ രോമാവരണം പ്രധാനമായും വെളുപ്പോ, വെളുപ്പിൽ കറുപ്പ്, തവിട്ടുനിറങ്ങളുടെ മിശ്രണമോ ആയിരിക്കും. വളരെ ചെറിയൊരു ശതമാനം ആടുകൾ പൂർണ്ണമായും കറുപ്പ്, തവിട്ട് എന്നീ നിറങ്ങളിൽ കാണപ്പെടുന്നുണ്ട്. മിക്ക ആണാടുകളിലും, ചെറിയൊരുഭാഗം പെണ്ണാടുകളിലും താടിരോമങ്ങൾ ഉണ്ടാകാറുണ്ട്. ഏകദേശം പന്ത്രണ്ടു ശതമാനത്തോളം ആടുകൾ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന ലോലാക്കുകൾ ഉള്ളവയാണ്. ഭൂരിഭാഗം ആടുകൾക്കും കൊമ്പുകൾ കാണപ്പെടുന്നു. ചെറിയ രോമങ്ങളോടുകൂടിയ ഇനമാണ് സാധാരണ കണ്ടുവരുന്നത്. ചുരുണ്ട രോമം വളരെ അപൂർവ്വമായേ മലബാറികളിൽ കാണാറുള്ളൂ. സാമാന്യം നീണ്ട ചെവികൾ താഴേയ്ക്കു തൂങ്ങിക്കിടക്കുന്നു.

ആട്ടിൻകുട്ടികളുടെ ജനനസമയത്തെ ഭാരം 1.5 മുതൽ 2.5 കിലോഗ്രാം വരെയാണ്. ഒരു വർഷം വളർച്ചയെത്തുമ്പോൾ അവ ഏകദേശം 25-30 കി.ഗ്രാം തൂക്കം കൈവരിക്കുന്നു. പ്രായപൂർത്തിയായ ആടുകൾക്ക് ശരാശരി 55-60 സെന്റീമീറ്റർ പൊക്കവുമുണ്ടായിരിക്കും. ഒരു ദിവസത്തെ പാലുല്പാദനം ഏകദേശം 500 മില്ലീലിറ്ററാണ്. ഉയർന്ന പ്രത്യുല്പാദനക്ഷമതയുള്ള മലബാറികൾക്ക് ഒരു പ്രസവത്തിൽ ഒന്നിലധികം കുട്ടികൾ ഉണ്ടാകാറുണ്ട്. പ്രസവപ്രശ്നങ്ങൾ തരതമ്യേനവിരളമെങ്കിലും പ്രസവതടസ്സം, ഗർഭമലസൽ, ചാപിള്ള, മറുപിള്ള പോകാതിരിക്കൽ എന്നിവ അപൂർവ്വമായി കാണപ്പെടാറുണ്ട്. ആകെ ഉണ്ടാകുന്ന കുട്ടികളിൽ 30 ശതമാനം ഒറ്റക്കുട്ടികളും 60 ശതമാനം ഇരട്ടക്കുട്ടികളും 10 ശതമാനം മൂന്നുകുട്ടികളുമാണ്. ഇൻഡ്യൻ ജനുസ്സുകളിൽ ബ്ലാക്ക് ബംഗാൾ കഴിഞ്ഞാൽ ഒരു പ്രസവത്തിൽ കൂടുതൽ കുട്ടികൾ ഉണ്ടാകുന്ന ഇനം മലബാറി ആണ്. ആദ്യപ്രസവം 13-14 മാസത്തിൽ നടക്കുന്നു. പിന്നീട് ഓരോ രണ്ടുവർഷങ്ങളിലും മൂന്നു പ്രസവങ്ങൾ ലഭിക്കുന്നു.

മലബാറി ആടുകളുടെ വർഗ്ഗശുദ്ധീകരണത്തിനായി ഇൻഡ്യൻ കാർഷികഗവേഷണ കൗൺസിലിന്റെ സഹായത്തോടെ ഒരു പദ്ധതി ഉത്തരകേരളത്തെ കേന്ദ്രീകരിച്ച് നടന്നുവരുന്നു. ഈ പദ്ധതിപ്രകാരം തള്ളയാടുകളെ രജിസ്റ്റർ ചെയ്ത് അവയുടെ പാലുല്പാദനവും, കുട്ടികളുടെ വളർച്ചാനിരക്കും രേഖപ്പെടുത്തുന്നു. തള്ളമാരുടെ പാലുല്പാദനത്തിന്റെയും കുട്ടികളുടെ വളർച്ചാനിരക്കിന്റെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട മുട്ടനാടിൻകുട്ടികളെ പ്രത്യേകം സംരക്ഷിച്ച് നിർത്തി അവയെ വീണ്ടും കർഷകർക്ക് നൽകുകയാണ് ഈ പദ്ധതിയിൽ പ്രധാനമായും ചെയ്യുന്നത്. ഇത് പ്രകാരം കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനഫലമായി ആടുകളുടെ തൂക്കം ഒരു വർഷത്തിൽ 25 കിലോഗ്രാമിൽ നിന്നും 30 കിലോഗ്രാമായി വർദ്ധിച്ചതായി കണ്ടിട്ടുണ്ട്.

## എന്താണ് മലബാറി ഇനങ്ങൾക്ക് മറ്റിനങ്ങളേക്കാൾ മേന്മ ?

1. നമ്മുടെ കാലാവസ്ഥയുമായി പൂർണ്ണമായും പൊരുത്തപ്പെട്ട ഒരിനമാണ് മലബാറി ആടുകൾ. ഈർപ്പമുള്ള കാലാവസ്ഥ പൊതുവേ ആടുകൾക്ക് യോജിച്ചതല്ലെങ്കിലും മറ്റിനങ്ങളേക്കാൾ ഈ കാലാവസ്ഥയിൽ ഇവയ്ക്ക് പിടിച്ചുനിൽക്കാൻ സാധിക്കുന്നു.

2. ഉയർന്ന ഉല്പാദനക്ഷമത :- മറ്റിനങ്ങളോടോ സങ്കരയിനങ്ങളോടോ താരതമ്യപ്പെടുത്തുമ്പോൾ ശരാശരി ശരീരതൂക്കം കുറവാകാമെങ്കിലും ഒരു കാലയളവിൽ കിട്ടുന്ന കുട്ടികളുടെ എണ്ണം തീർച്ചയായും കൂടുതലാണ്.

3. കൂടുതൽ കുട്ടികളുടെ എണ്ണവും, പ്രതികൂല കാലാവസ്ഥയിൽ പിടിച്ചുനിൽക്കാനുള്ള കഴിവും ഈ ഇനത്തിന് മറ്റിനങ്ങളേക്കാൾ ലാഭം നേടിത്തരുന്നു. ലാഭം എന്നുള്ളതുകൊണ്ട് ഇവിടെ വിവക്ഷിക്കപ്പെടുന്നത് ആടിനെമാർക്കറ്റ് വിലയ്ക്ക് വിൽക്കുമ്പോഴുള്ള ലാഭമാണ്.

4. തിരഞ്ഞെടുത്ത മലബാറി ആടുകൾക്ക് വിദേശയിനങ്ങളേക്കാളോ സങ്കരവർഗ്ഗങ്ങളേക്കാളോ കൂടുതൽ ഉല്പാദനശേഷിയുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഒരു നല്ല തിരഞ്ഞെടുപ്പിലൂടെ (തൂക്കത്തിലും പാലുല്പാദനത്തിലും) കർഷകർക്ക് നമ്മുടെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായ മലബാറിവർഗ്ഗത്തെ വളർത്തി ലാഭമുണ്ടാക്കാവുന്നതാണ്.

5. സ്ഥായിയായ ഒരു കൃഷി സമ്പ്രദായം, അത് വിളകളായാലും മൃഗങ്ങളായാലും, മാത്രമേ എപ്പോഴും നിലനിൽക്കുകയുള്ളൂ. എന്നൊക്കെ നാമിതിൽനിന്നും വ്യതിചലിച്ചിട്ടുണ്ടോ അന്നൊക്കെ വരും തലമുറ അതിനു വലിയ വില നൽകേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ നമുക്ക് യോജിച്ച, നമ്മുടെ കാലാവസ്ഥയ്ക്കിണങ്ങിയ ഇനങ്ങളെ വളർത്തി നാടിനെയും നാട്ടിലെ കൃഷിയെയും സംരക്ഷിക്കേണ്ട ബാധ്യത നമുക്കോരോരുത്തർക്കുമുണ്ട്. മലബാറി ആടുകൾക്ക് ഈ കാര്യത്തിൽ മുന്തിയ പരിഗണനലഭിക്കേണ്ടതാണ്. ■




### www.vechur.org

വെച്ചൂർ കൺസർവേഷൻ ട്രസ്റ്റിന്റെ ഔദ്യോഗിക വെബ് സൈറ്റാണിത്. 2000–ാമാണ്ട് ജനുവരി 1–ന് ആരംഭിച്ച ഈ വെബ് സൈറ്റ് കേരളത്തിലെ വംശപരിരക്ഷണ പരിശ്രമങ്ങളും അതിന്റെ ജയാപജയങ്ങളും ലോകമെമ്പാടും എത്തിക്കുന്നു. വിജയം കണ്ടെത്തിയ മേഖലകളും പ്രതിസന്ധികളും ഒരേ പ്രാധാന്യത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്നു. വംശനാശം സംഭവിക്കുന്ന ജനുസ്സുകളെപ്പറ്റിയും ഭാരതീയ ജനുസ്സുകളുടെ പ്രത്യേകതകളെപ്പറ്റിയും നാനാ തുറകളിൽപ്പെട്ട ആളുകളുടെ സംശയങ്ങളും പ്രതികരണങ്ങളുമായി സജീവമാണ് ഈ സൈറ്റ്.

# ഡോളി നൽകുന്ന സന്ദേശം

- ഡോ. ശോശാമ്മ ഐപ്പ്

ചെമ്മരിയാടിന്റെ അകിടിലെ ഒരു കോശത്തിൽനിന്നും ക്ലോൺ ചെയ്യപ്പെട്ട ഡോളി ശാസ്ത്രത്തിൽ ഒരു ചരിത്രം തന്നെ സൃഷ്ടിച്ചു. ഏഴു മാസത്തിനു ശേഷമേ ഡോളിയുടെ ജനനം തന്നെ പുറംലോകം അറിഞ്ഞുള്ളു. റോസിലിന്റെ നേട്ടം വാർത്തകളിൽ നിറഞ്ഞു. ഏറെ സുരക്ഷിതത്വത്തിലും ധാരാളിത്തത്തിലും വളർന്ന ഡോളി 1998 ഏപ്രിലിൽ സാധാരണ രീതിയിൽ ബോണി എന്നആട്ടിൻകുട്ടിക്കു ജന്മം നൽകി. പിറ്റെ വർഷം മൂന്നു കുട്ടികൾക്കും കൂടെ. എന്നാൽ 1999-ൽ അവൾക്ക് അകാല വാർദ്ധക്യമാകുന്നതിന്റെ സൂചനകൾ കിട്ടി. ജനനസമയത്ത് ആറ് വയസ്സ് (അകിടിലെ കോശത്തിന്റെ ദാതാവായ ആടിന്റെ) പ്രായം എന്ന് കണക്കാക്കണം എന്ന്ഒരു വിഭാഗം ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു. 2002-ൽ സന്ധി രോഗത്തിന് അടിമയാണ് ഡോളി എന്ന് കേട്ടിരുന്നു. 2003 ആയപ്പോഴേക്കും ശ്വാസകോശരോഗവും സന്ധിരോഗവും എല്ലാമായി അവൾ തീർത്തും അവശയായി. ദയാവധത്തിലൂടെ അവളുടെ ജീവിതം അവസാനിച്ചു. സാധാരണ ആടിന്റെ ജീവിതകാല (10-12 വർഷം)ത്തിന്റെ പകുതിയേ അവൾ ജീവിച്ചുള്ളൂ. ഡോളിയുടെ ഉപജ്ഞാതാവായ അയാൻ വിൽമട്ടിന്റെ 276 പരീക്ഷണങ്ങളിടെ ഏകവിജയമായിരുന്നു ഡോളിയുടെ പിറവി. ഡോളിക്കുശേഷം ഇതേ മാർഗ്ഗത്തിൽ തന്നെ സൃഷ്ടിക്കപ്പെട്ട മറ്റൊരു ആടിനും ജനിച്ച് അധികകാലം കഴിയുന്നതിനു മുമ്പുതന്നെ ദയാവധം നടത്തുകയുണ്ടായി. ജനിച്ചപ്പോൾതന്നെ ശ്വാസം വലിക്കാൻ ബുദ്ധിമുട്ടിയിരുന്ന ഈ ആടിന്റെ ശ്വാസകോശം സാധാരണ വർച്ചയെത്തിയിരുന്നില്ല. മനുഷ്യരിൽ ക്ലോണിംഗ് നടത്തി ഇത്തരത്തിലൊരു കുട്ടിയുണ്ടായാൽ അതിന്റെ ദുരിതത്തിനും വേദനയ്ക്കും ആര് ഉത്തരം പറയുമെന്ന ചിന്ത അയാൻ വിൽമട്ടിനെ അസ്വസ്ഥനാക്കി. ക്ലോണിംഗിന് പുതിയ ജാപ്പനീസ് രീതിയെപ്പറ്റി മതിപ്പോടെ സംസാരിക്കുന്ന വിൽമട്ട് അദ്ദേഹത്തിന്റെ ഡോളി ക്ലോണിംഗ് രീതി ഉപേക്ഷിക്കുകയും ചെയ്തു. ■



ഡോളി

5-7-1996 — 14-2-2003



*ഡോളിയുടെ ശരീരം മ്യൂസിയത്തിൽ*

FOR PRIVATE CIRCULATION ONLY
Edited and Published by
Dr. Jayan K.C. on behalf of
Vechur Conservation Trust
Indira Nagar, Mannuthi P.O
Designed by Creative Minds, KTM
and printed at Alois Graphics, KTM

അലഫ്

VOL 2. ISSUE 1. DECEMBER 2007

# കേരള കാർഷിക സർവ്വകലാശാലയിൽ വെച്ചൂർ ജീൻ ക്ലോണിംഗ്

വെച്ചൂർ പശുവിന്റെ alpha lactalbumin gene വേർതിരിക്കുകയും ഘടനാപരമ്പര കണ്ടുപിടിച്ച് ക്ലോൺ ചെയ്യുകയും ചെയ്തിരിക്കുന്നു. അനിമൽ ജനറ്റിക്സ് വിഭാഗം പ്രൊഫസർ ഡോ. ടി.വി. അരവിന്ദാക്ഷനും അദ്ദേഹത്തിന്റെ ഗവേഷണവിദ്യാർത്ഥിയായ എം. രാജീവും ചേർന്നാണ് ഈ നേട്ടം കൈവരിച്ചത്. ഈ ജീനിനെപ്പറ്റിയുള്ള ഗവേഷണഫലങ്ങളെല്ലാം ഇന്റർനെറ്റിൽ ലഭ്യമാണ്. ഇതിന്റെ access code EU 200432 ആണ്. NCBI home page-ൽ പോയതിനുശേഷം ഈ നമ്പർ ഉപയോഗിച്ച് വിവരങ്ങൾ എടുക്കാവുന്നതാണ്. ഇൻഡ്യയിലെ കാലി ജനുസ്സുകളിൽ alpha lactalbumin gene വേർതിരിക്കുകയും ക്ലോൺ ചെയ്യുകയും ചെയ്യുന്നത് ആദ്യമായിട്ടാണ് എന്നത് കേരളത്തിന് അഭിമാനിക്കാൻ വക നൽകുന്നു. വെച്ചൂർ പശുവിനെഭാവിയിലെ ശാസ്ത്രീയ പഠനങ്ങൾക്കുമായി പരിരക്ഷിച്ചവർക്ക് കൺമുന്നിലൊരു നേട്ടം.

വെച്ചൂർ പശുവിന്റെ alpha lactalbumin gene -ന് റോസ്ലിൻ ഇൻസ്റ്റിറ്റ്യൂട്ട് പേറ്റന്റ് എടുത്തു (No. EP 765390) എന്ന വന്ദനശിവയുടെ ആരോപണത്തിന്റെ പൊള്ളത്തരം ഒന്നുകൂടി ഓർമ്മിക്കാനൊരവസരം. റോസ്‌ലിൻ ഇൻസ്റ്റിറ്റ്യൂട്ട് അന്നുതന്നെ ഇതു നിഷേധിച്ചിരുന്നു. മനുഷ്യരുടെ alpha lactalbumin gene ഹോൾസ്റ്റീൻ പശുവിൽ തിരുകി കയറ്റി പാലിന് ഗുണമാറ്റം വരുത്തിയ കാര്യത്തിനാണ് പേറ്റന്റിന് അപേക്ഷിച്ചതെന്നവർ വ്യക്തമാക്കുകയും ശിവയുടെ ആരോപണത്തെ പുച്ഛിച്ചു തള്ളുകയും ചെയ്തിരുന്നു. പല മാധ്യമങ്ങളിലും ഈ വാർത്ത വന്നിരുന്നു. PPL Therapeutics ന്റെ പേറ്റന്റ് അപേക്ഷയാണ് ശിവ വളച്ചൊടിച്ച്ഈ വിധത്തിലാക്കിയത്. യഥാർത്ഥ വിവരങ്ങൾ ഇന്റർനെറ്റിൽ ലഭ്യവുമാണ്.

ഡോ. അരവിന്ദാക്ഷനും ടീമിനും അലഫിന്റെ അഭിനന്ദനങ്ങൾ!

